# പത്രക്കുറിപ്പ്

# കുട്ടിയുടെ മാല പിടിച്ചുപറിച്ച കേസിൽ ഒരാൾ കൂടി പിടിയിൽ

# പെട്രോൾ പമ്പ് ഉടമയേയും ജീവനക്കാരേയും വാഹനമിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

# വീട്ടമ്മയെ ആക്രമിച്ച കേസിൽ രണ്ടു പേർ പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് 8 വയസുള്ള ആൺകുട്ടിയുടെ സ്വർണ്ണമാല പിടിച്ചുപറിച്ച മൂന്നംഗ സംഘത്തിലെ ഒരാൾ കൂടി പോലീസ് പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അതിയന്നൂർ കിഴക്കിൻകര വീട്ടിൽ ചന്തു എന്നു വിളിക്കുന്ന അരുൺ (23) - നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസിലെ മറ്റൊരു പ്രതിയെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത അരുൺ (23)

ജനുവരി മാസത്തിലാണ് മോഷണം നടന്നത്. പ്രതി ഉൾപ്പെട്ട മൂന്നംഗ സംഘം ആട്ടോറിക്ഷയിൽ ഇൻസ്റ്റാൾമെന്റ്

സാധനങ്ങൾ വിൽക്കാനെന്ന വ്യാജേന മുല്ലൂർ സ്വദേശി പ്രീതയുടെ വീട്ടിൽ വരുകയും വീടിനു മുന്നിൽ നിൽക്കുകയായിരുന്ന കുട്ടിയുടെ ഒരു പവന്റെ സ്വർണ്ണമാല പൊട്ടിച്ചെടുത്ത് കടന്നു കളയുകയുമായിരുന്നു. പ്രതികൾ സഞ്ചരിച്ച ആട്ടോയുടെ നമ്പർ പോലും ലഭ്യമാകാതിരുന്ന ഈ കേസിൽ, സംഭവസ്ഥലത്തു നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തി വരവെ കേസിലെ ഒരു പ്രതിയായ ശ്രീരാഗിനെ രണ്ടു ദിവസം മുൻപ് പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ഇയാളെ ചോദ്യം ചെയ്തതിൽ ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിലാണ് പ്രതി അരുണിനെ ഇന്നലെ പിടികൂടിയത്. പ്രതികൾ മോഷ്ടിച്ചെടുത്ത സ്വർണ്ണവും സഞ്ചരിച്ച ആട്ടോറിക്ഷയും പോലീസ് കണ്ടെടുത്തിട്ടുണ്ട്.

വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. ഈ കേസിൽ ഇനി ഒളിവിൽ കഴിയുന്ന ഒരു പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജിതമാക്കിയിട്ടുള്ളതായി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## പെട്രോൾ പമ്പ് ഉടമയേയും ജീവനക്കാരേയും വാഹനമിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- തിരുവല്ലം കരിമ്പുവിളയിൽ പെട്രോൾ പമ്പ് ഉടമയേയും ജീവനക്കാരേയും ആട്ടോറിക്ഷ കൊണ്ടിടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച പ്രതിയെ പോലീസ്

പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കുര്യാത്തി എം.എസ്.കെ നഗറിൽ വിനോദ് കുമാർ (33)-നെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.

ചൊവ്വാഴ്ച രാത്രി 8.30-നാണ് സംഭവം നടന്നത്. കരിമ്പുവിളയിയിലെ നവീൻ ഫ്യൂവൽസ് പെട്രോൾ പമ്പിലേയ്ക്ക് പ്രതി അമിത വേഗതയിൽ ആട്ടോറിക്ഷ ഓടിച്ച് വന്ന് പമ്പ് ഉടമയായ കവടിയാർ സ്വദേശി നസിമുദ്ദീന്റെയും ജീവനക്കാരുടേയും ദേഹത്ത് ഉരസിയത് ചോദ്യം ചെയ്തതിലുള്ള വിരോധത്താൽ പ്രതി വീണ്ടും രണ്ടു മൂന്ന് പ്രാവശ്യം ആട്ടോറിക്ഷ വട്ടം ചുറ്റി ഓടിച്ച് അവരെ ഇടിച്ച് പരിക്കേൽപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. ഒഴിഞ്ഞു മാറിയതുകൊണ്ടാണ് അപകടം ഒഴിവായത്. പമ്പുടമയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പമ്പിലെ സി.സി.റ്റി.വി ദൃശ്യം പരിശോധിച്ചും മറ്റും പോലീസ് നടത്തിയ അന്വേഷണത്തിലാണ് മണക്കാട്-അമ്പലത്തറ റോഡിൽ വച്ച് ഓട്ടോ ഉൾപ്പെടെ പ്രതിയെ ഇന്നലെ പോലീസ് പിടികൂടിയത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
വിനോദ് കുമാർ (33)

പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ രാഹുൽ, സി.പി. ഒ മാരായ അജിത്, സന്തോഷ്, ഷിജു

എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. ഇയാൾക്കെതിരെ ഫോർട്ട്, കോവളം പോലീസ് സ്റ്റേഷനുകളിലായി ഏഴ് കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വീട്ടമ്മയെ ആക്രമിച്ച കേസിൽ 2 പേർ പിടിയിൽ

തിരുവനന്തപുരം:– ബീമാപള്ളിയിൽ വീട്ടമ്മയെ ആക്രമിച്ച കേസിൽ രണ്ടു പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി പുതുവൽ ഹൗസിൽ അജ്മൽ ഖാൻ (32), ബീമാപള്ളി മാണിക്യ വിളാകത്ത് അഫ്സൽ ഖാൻ (41) എന്നിവരെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.

ചൊവ്വാഴ്ച രാത്രി 8.30 നാണ് സംഭവം നടന്നത്. ബീമാപള്ളിയിലെ റംലാബീവിയെ വീട്ടിലെ ഹാളിൽ വച്ച് സഹോദരനായ ഒന്നാം പ്രതി അജ്മൽ ഖാനും ബന്ധുവായ അഫ്സൽ ഖാനും ചേർന്ന് അസഭ്യം പറയുകയും തള്ളി നിലത്തിട്ട് മർദ്ദിക്കുകയുമായിരുന്നു. റംലാബീവിയുടെ വീടിന്റെ ടെറസിൽ പ്രാവ് വളർത്താൻ അനുവദിക്കാത്തതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
അജ്മൽ ഖാൻ (32), അഫ്സൽ ഖാൻ ( 41)

പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ രാഹുൽ, സി.പി.ഒ മാരായ രമ, രാജേഷ്, വിനുക്കുട്ടൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
22-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി